പ്രിയമുള്ളവരെ,

കണ്ണൂരിന്റെ സാമൂഹ്യ-വിദ്യാഭ്യാസ സാംസ്കാരിക ജീവകാരുണ്യ മേഖലകളിൽ കഴിഞ്ഞ 33 വർഷമായി വളപട്ടണം ആസ്ഥാനമായി സ്തുത്യർഹ്യമായ സേവനം നടത്തി വരുന്ന വളപട്ടണം മുസ്ലീം വെൽഫേർ അസോസിയേഷൻ, TIME (Talent Improvement and Mind Empowerment) എന്ന പേരിൽ പുതിയ ഒരു പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കുകയാണ്. ചെറുപ്രായത്തിൽ തന്നെ ശാസ്ത്രീയമായ രീതിയിൽ കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് സമഗ്ര പരിശീലനത്തിലൂടെ അവരെ വിവിധ മേഖലകളിൽ വിദഗ്ദരാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി ലക്ഷ്യം വെക്കുന്നത്.

ആദ്യഘട്ടമെന്ന നിലയിൽ നിലവിൽ 8-ാം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുന്ന വളപട്ടണത്തെയും പരിസര പഞ്ചായത്തുകളിലേയും തെരഞ്ഞെടുക്കപ്പെട്ട 40 കുട്ടികളെയാണ് ഈപദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ പഠനം തുടരുന്ന കുട്ടികൾക്ക് അവരുടെ അധ്യയനത്തെ ബാധിക്കാത്ത രീതിയിൽ അവധി ദിവസങ്ങളിലും ഒഴിവ് കാലങ്ങളിലുമാണ് പ്രത്യേക പാഠ്യപദ്ധതിയിൽ ഊന്നിയിട്ടുള്ള സമഗ്ര പരിശീലനം നടപ്പിലാക്കുന്നത്.

എന്ന്,

പ്രസിഡണ്ട്

ESTD: 1983

# VALAPATTANAM MUSLIM WELFARE ASSOCIATION

LAUNCHING

## TALENT IMPROVEMENT AND MIND EMPOWERMENT (TIME) PROGRAMME


**THAJUL ULOOM CAMPUS**

Valapattanam, Kannur - 670 010

Phone : 0497 2778093, 2777071, 2776787

Email : vmwassociate@gmail.com

Web : www.thajul.com, www.thajul.in

# TALENT IMPROVEMENT AND MIND EMPOWERMENT (TIME) PROGRAMME

(Run by Valapattanam Muslim Welfare Association)

പ്രിയമുള്ളവരെ,

കണ്ണൂരിന്റെ സാമൂഹ്യ-വിദ്യാഭ്യാസ സാംസ്കാരിക ജീവ കാരുണ്യ മേഖലകളിൽ കഴിഞ്ഞ 33 വർഷമായി വളപട്ടണം ആസ്ഥാനമായി സ്തുത്യർഹ്യമായ സേവനം നടത്തി വരുന്ന വളപട്ടണം മുസ്ലീം വെൽഫേർ അസോസിയേഷൻ, TIME (Talent Improvement and Mind Empowerment) എന്ന പേരിൽ പുതിയ ഒരു പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കുകയാണ്. ചെറുപ്രായത്തിൽ തന്നെ ശാസ്ത്രീയമായ രീതിയിൽ കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് സമഗ്ര പരിശീലനത്തിലൂടെ അവരെ വിവിധ മേഖലകളിൽ വിദഗ്ദരാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി ലക്ഷ്യം വെക്കുന്നത്.

ആദ്യഘട്ടമെന്ന നിലയിൽ നിലവിൽ 8-ാം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുന്ന വളപട്ടണത്തെയും പരിസര പഞ്ചായത്തുകളിലേയും തെരഞ്ഞെടുക്കപ്പെട്ട 40 കുട്ടികളെയാണ് ഈപദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ പഠനം തുടരുന്ന കുട്ടികൾക്ക് അവരുടെ അധ്യയനത്തെ ബാധിക്കാത്ത രീതിയിൽ അവധി ദിവസങ്ങളിലും ഒഴിവ് കാലങ്ങളിലുമാണ് പ്രത്യേക പാഠ്യപദ്ധതിയിൽ ഊന്നിയിട്ടുള്ള സമഗ്ര പരിശീലനം നടപ്പിലാക്കുന്നത്.

ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള നിരവധി അഭ്യസ്ത വിദ്യർ തൊഴിലില്ലാതെ അലയുമ്പോൾ സ്വദേശത്തും വിദേശത്തും വിവിധ തൊഴിൽ മേഖലകളിൽ യോഗ്യരായ ആളുകളെ ലഭിക്കുന്നില്ല എന്നുള്ളത് ഒരു വിരോധാഭാസമായി നിലനിൽക്കുന്നു. ജോലിക്ക് അപേക്ഷിക്കുന്നവർക്ക് ആവശ്യത്തിന് വിദ്യാഭ്യാസ യോഗ്യത ഉണ്ടെങ്കിലും പ്രായോഗിക തലത്തിൽ അവരുടെ പ്രകടനം ശരാശരിക്കും താഴെ ആണ് എന്ന് വിവിധ കോർപ്പറേറ്റ് മേധാവികൾ സാക്ഷ്യപ്പെടുത്തുന്നു. സ്വന്തം കഴിവും, അഭിരുചിയും തിരിച്ചറിഞ്ഞ് കൊണ്ടുള്ള പരിശീലനത്തിന്റെ അഭാവം , ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മ, കോഴ്സ് തെരെഞ്ഞെടുക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ കുറവ് എന്നിവയാണ് ഇന്ന് തൊഴിൽ അന്വേഷകർ നേരിടുന്ന പ്രധാന വെല്ലുവിളികൾ.

ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ പിടിച്ചു നിൽക്കണമെങ്കിൽ വിദ്യാഭ്യാസ യോഗ്യതയ്ക്ക് പുറമേ ഭാഷാ നൈപുണ്യം, ആശയവിനിമയ ശേഷി, നേതൃത്വ പാടവം, ഉയർന്ന വ്യക്തിത്വം, ആശയങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള കഴിവ് തുടങ്ങിയവ അനിവാര്യമാണ്. ഈ സാഹചര്യത്തിലാണ് ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെ കഴിവ് തിരിച്ചറിഞ്ഞ് ശാസ്ത്രീയവും സമഗ്രവുമയ പരിശീലനത്തിലൂടെ തൊഴിൽ മേഖലകളിലെ ഏത് വെല്ലുവിളികളേയും അതിജീവിക്കാൻ കഴിവും പ്രാപ്തിയുമുള്ള വിദഗ്ദരെ വാർത്തെടുക്കുന്നതിന് "TIME' എന്ന പേരിൽ നൂതന പദ്ധതിക്ക് തുടക്കും കുറിക്കുന്നത്.

## പദ്ധതിയുടെ രൂപം

- നിലവിൽ 8-ാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കാണ് പ്രവേശനം.
- പരീക്ഷ-അഭിമുഖം-രക്ഷിതാക്കളുമായുള്ള ആശയവിനിമയം എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാകുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം.